പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :6302 08.07.2014 ൽ മറുപടിക്ക്

'നിർഭയ'-യിൽനിന്ന് പെൺകുട്ടികളെ കടത്താനുള്ള ശ്രമം

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീമതി കെ.എസ്. സലീഖ | | ശ്രീ. രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി | |
| (എ) | സ്ത്രീകളെയും കുട്ടികളെയും പാർപ്പിച്ചിട്ടുള്ള സ്ഥാപനമായ'നിർഭയ' യിൽ നിന്ന് പെൺകുട്ടികളെ കടത്താൻ ശ്രമിച്ചത് പോലീസ്വകുപ്പിന്റെ ശ്രദ്ധയിൽപെട്ടുവോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ ഇതിന് പിന്നിൽ പ്രവർത്തിച്ചവർ ആരെല്ലാം എന്നും അന്വേഷണം ഇപ്പോൾ ഏതുഘട്ടത്തിലാണെന്നും എത്രപേരെ അറസ്റ്റ്ചെയ്തിട്ടുണ്ടെന്നും വ്യക്തമാക്കുമോ; | (ബി) | അന്വേഷണത്തിൽ പെൺകുട്ടികളെ കടത്തികൊണ്ടുപോകുന്നതിലേക്കോ രക്ഷപ്പെടുത്തുന്നതിലേയ്ക്കോ പുറമേ നിന്നുള്ള ആരും തന്നെ നിർഭയ ഹോമിനകത്തേക്ക് പ്രവേശിച്ചിട്ടില്ലാ എന്നും നിർഭയഹോമിലെ സ്റ്റാഫുകളുടെ ആരുടെയും സഹായം ലഭിച്ചിട്ടില്ലാ എന്നും വെളിവായിട്ടുണ്ടെങ്കിലും ഇതിലേയ്ക്ക് കൂടുതൽ കാര്യക്ഷമമായ അന്വേഷണം നടത്തിവരുകയാണ്. |
| (സി) | പോലീസിന്റെ അന്വേഷണപ്രകാരം 'നിർഭയ'യിൽ എത്രസ്ത്രീകളെയും കുട്ടികളെയും പാർപ്പിച്ചിട്ടു ണ്ട്; | (സി) | 48 കുട്ടികളെ പാർപ്പിച്ചിട്ടുണ്ട്. |
| (ഡി) | ക്രിമിനലുകൾ 'നിർഭയ'യിൽ എന്തെല്ലാം അതിക്രമങ്ങൾ നടത്തി എന്ന് പോലീസ് അന്വേഷണത്തിൽ ക ണ്ടെത്തിയിട്ടു ണ്ട്; | (ഡി) | ക്രിമിനലുകൾ 'നിർഭയ'യിൽ അതിക്രമങ്ങൾ നടത്തിയതായി നാളിതുവരെ അന്വേഷണത്തിൽ വെളിവായിട്ടില്ല. |
| (ഇ) | 'നിർഭയ'യിലെ അന്തേവാസിക ൾക്ക് പൂർണ്ണസംരക്ഷണം നൽകാൻ പോലീസ്വകുപ്പ് എന്തുനടപടികൾ സ്വീകരിക്കും എന്ന്വ്യക്തമാക്കുമോ? | (ഇ) | 'നിർഭയ'യിലെ അന്തേവാസിക ൾക്ക് പൂർണ്ണസംരക്ഷണം നൽകുന്നതിനായി സ്ഥാപനത്തിൽ പോലീസ് പട്ടാബുക്ക് സ്ഥാപിച്ചിട്ടുള്ളതും വനിതാ പോലീസുകാരെ ഉൾപ്പെടുത്തി നിരന്തരം പോലീസ് പട്രോളിംഗം നടത്തി വരുന്നു. |

സെക്ഷൻഓഫീസർ